LIBRARY ARCHIVES Kerala Legislative Assembly

കടയ്ക്കൽ ഗവൺമെന്റ് ഹോസ്പിറ്റലിന്റെ കെട്ടിടനിർമ്മാണവും ഫസ്റ്റ് റഫറൽ യൂണിറ്റ് ആക്കുന്നതിനുള്ള നടപടിക്രമവും

107 [927] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടയ്ക്കൽ ഗവൺമെന്റ് ഹോസ്പിറ്റൽ ഫസ്റ്റ് റഫറൽ യൂണിറ്റ് ആക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ് എന്നു വ്യക്തമാക്കുമോ;

(ബി) കടയ്ക്കൽ ഗവ. ആശുപത്രിയുടെ മുടങ്ങിക്കിടക്കുന്ന കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട ക്രമക്കേട് നടന്നതായി പരാതി ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്മേലുള്ള അന്വേഷണം ഏതു ഘട്ടത്തിലാണ്;

(ഡി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന്റെ പോരായ്മ പരിഹരിക്കുന്നതിനും പണി പൂർത്തീകരിച്ച് ആശുപത്രി വികസനം ത്വരിതപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഫസ്റ്റ് റഫറൽ യൂണിറ്റായി പരിഗണിക്കണമെങ്കിൽ ഗർഭിണികൾക്കും നവജാത ശിശുക്കൾക്കും വേണ്ട അവശ്യ സേവനങ്ങളും അടിയന്തിര സേവനങ്ങളും 24 മണിക്കൂറും ലഭ്യമാക്കണം. ഗൈനക്കോളജിസ്റ്റ്, പീഡിയാട്രീഷൻ, അനസ്തെറ്റിസ്റ്റ് ഉൾപ്പെടെ കുറഞ്ഞത് എട്ട് ഡോക്ടർമാർ എങ്കിലും പ്രസ്തുത യൂണിറ്റുകളിൽ ഉണ്ടായിരിക്കണം. കൂടാതെ മറ്റു ഔതിക സൗകര്യങ്ങളും ഉണ്ടായിരിക്കണം. കടയ്ക്കൽ ആശുപത്രിയിൽ ഡോക്ടർമാരുടെ അഞ്ച് തസ്തികകൾ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഈ കാരണങ്ങളാൽ കടയ്ക്കൽ സി.എച്ച്.സി-യെ ഫസ്റ്റ് റഫറൽ യൂണിറ്റ് ലിസ്റ്റിൽനിന്നും തൽക്കാലം ഒഴിവാക്കിയിരിക്കുകയാണ്.

(ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) പണി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്. കൊല്ലം ജില്ലാ കളക്ടറുടെ നിർദ്ദേശാനുസരണം പഞ്ചായത്തിരാജ് നിയമങ്ങൾ പ്രകാരം പ്രസ്തുത കെട്ടിടത്തിന്റെ റോഡിലേക്ക് തള്ളി നിൽക്കുന്ന ഭാഗം ഇടിച്ചുകളഞ്ഞ് നിർമ്മാണം തുടരുന്നതിന് പുതിയ എസ്റ്റിമേറ്റ് എടുക്കുവാൻ ജില്ലാ ഗ്രാമവികസന ഏജൻസിയെ ചുതലപ്പെടുത്തി. അവർ 15 ലക്ഷത്തിന്റെ പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. 9 ലക്ഷം ബ്ലോക്ക് പ്ലാൻ ഫണ്ട്, 3 ലക്ഷം യൂറോപ്യൻ കമ്മീഷൻ ഫണ്ട്, 3 ലക്ഷം എച്ച്.സി.ഡി.സി. ഫണ്ട് എന്ന രീതിയിൽ ഫണ്ട് സമാഹരണം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ബ്ലോക്കിൽ ഫണ്ട് ഇപ്പോൾ ലഭ്യമല്ല. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണത്തിന്റെ പണി തുടങ്ങുന്നതാണ്.